ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 33.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ഡാമുകളുടെ സുരക്ഷിതത്വം പരിശോധിക്കുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖകൾ അനുസരിച്ച് എല്ലാ വർഷവും പരിശോധനാപഠനങ്ങൾ നടത്തുന്നുണ്ട്. 2004-ൽ വിവിധ ഡാമുകളിൽ നടത്തിയ പരിശോധനയിൽ ആശങ്കാജനകമായ സ്ഥിതിവിശേഷം ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സേഫ്റ്റി ആഡിറ്റിംഗ് സംവിധാനം നിലവിലില്ല. എന്നാൽ ഡാമുകളുടെ സേഫ്റ്റി റിവ്യൂ ചെയ്യുന്നതിനായി ഒരു സ്വതന്ത്ര സമിതി രൂപീകരിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്.

പ്രസരണ വിതരണ നഷ്ടം ലഘൂകരിക്കുന്നതിന് പദ്ധതികൾ

*12 [70] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, പി. സി. ജോർജ്:

,, എ. സി. മൊയ്തീൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി വിതരണ സംവിധാനം കുറ്റമറ്റതാണോ എന്ന് വ്യക്തമാക്കുമോ;

(ബി) വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) പ്രസരണ-വിതരണ നഷ്ടം ലഘൂകരിക്കുന്നതിന് ബോർഡ് ആസൂത്രണം ചെയ്ത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രഖ്യാപിത പരിപാടികൾ പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ ആന്റ് ബി) പൂർണ്ണമായും കുറ്റമറ്റതാണെന്ന് പറയാനാവില്ല എങ്കിലും പരമാവധി കുറ്റമറ്റതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള എ.പി.ഡി.ആർ.പി. 3 ജില്ലകളിലും 33 ടൗണുകളിലും നടപ്പിലാക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിലെ വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 11 കെ. വി. ലൈനുകൾ നിർമ്മിക്കാനും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും കേടുവന്ന മീറ്ററുകൾ മാറ്റി സ്ഥാപിക്കാനും, HT/LT അനുപാതം മെച്ചപ്പെടുത്താനും ഉദ്ദേശ്യമുണ്ട്.

(സി) പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഇവ പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ട്.

പുതിയ വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

*13 [71] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, സി. മോയിൻകുട്ടി:

,, കെ. എൻ. എ. ഖാദർ:

,, സി. മമ്മൂട്ടി:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കൂടിവരുന്നത് കണക്കിലെടുത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ജലവൈദ്യുത പദ്ധതികൾ, താപവൈദ്യുത നിലയങ്ങൾ, ന്യൂക്ലിയർ വൈദ്യുത നിലയങ്ങൾ, മറ്റുള്ളവ എന്നിവ എത്ര വീതമാണ് എന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതികളുടെ ഫലമായി ഉത്പാദിപ്പിക്കാൻ സാധിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്നാണ് കണക്കാക്കിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly